**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1866** **10/03/2020 ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്**

| | ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ നിന്ന് വിരമിച്ച അബ്ദുൽ സലാം എന്നയാൾക്ക് അർഹതപ്പെട്ട തുക തിരിച്ചുനൽകുന്നത് സംബന്ധിച്ച് H1/281/2018/H&FWD ഫയലിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ, ഏത് തീയതിയിലാണ് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്തയച്ചിട്ടുള്ളത്; | (എ) | ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിലേയ്ക്ക് അയച്ച ശ്രീ.അബ്ദുൾ സലാമിന്റെ പ്രൊപ്പോസലിന്മേൽ, വിശദമായ റിപ്പോർട്ടും കണ്ടെത്തലുകളും ശുപാർശ സഹിതം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ടാണ് പ്രസ്തുത പ്രൊപ്പസൽ 26/10/2018 തീയതിയിലെ എച്ച്1/281/2018-ഹെൽത്ത് നമ്പർ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് മടക്കി നൽകിയിട്ടുള്ളത്. |
| (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം വരാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ എക്സ് റേ അറ്റൻഡർ ആയി ജോലി നോക്കിയിരുന്ന ശ്രീ.അബ്ദുൾ സലാം-ന് മേൽ കാലയളവില്ലുള്ള അഡ്വാൻസ് ഇൻക്രിമെന്റ് കൂടാതെയുള്ള സമയബന്ധിത ഹയർഗ്രേഡ് പാസ്സാക്കി നൽകിയത് അക്കൗണ്ടന്റ് ജനറൽ നിരസിക്കുകയുണ്ടായി. അക്കൗണ്ടന്റ് ജനറലിന്റെ ഈ ആഡിറ്റ് തടസ്സവാദം നീക്കി തനിക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നുള്ള ടിയാന്റെ അപേക്ഷ 28/06/2018 തീയതിയിലെ ഇ.എഫ്.1-41251/2018/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ 26/10/2018 തീയതിയിലെ എച്ച്1/281/2018-ഹെൽത്ത് നമ്പർ കത്ത് പ്രകാരം ശ്രീ.അബ്ദുൾ സലാമിന്റെ അപേക്ഷ സംബന്ധിച്ച് വിശദമായ റിപ്പോർട്ടും കണ്ടെത്തലുകളും ശുപാർശ സഹിതം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ടിയാന്റെ പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് മടക്കി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊപ്പസലിന്മേലുള്ള വിശദമായ റിപ്പോർട്ട് നൽകുന്നതിനായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ